TUESDAY 09.07.2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/07/2024

1. മത്സ്യ കർഷകദിനാചരണം സംസ്ഥാനതല ഉദ്ഘാടനം ജൂലൈ 10 ന് ഉച്ചയ്ക്ക് 12 മണിക്ക് ജിമ്മിജോർജ് സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി നിർവഹിക്കും. ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും. പരിപാടിയോടനുബന്ധിച്ച് മത്സ്യകർഷക സംഗമവും സെമിനാറും സംഘടിപ്പിക്കും. മത്സ്യകൃഷി മേഖലയിൽ മികച്ച രീതിയിൽ പ്രവർത്തിച്ച മത്സ്യ കർഷകർക്കും ഫീൽഡ്തല ഉദ്യോഗസ്ഥർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും പുരസ്കാരങ്ങൾ നൽകി ആദരിക്കും.

2. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ മിത്രനിമാവിര ലായനി, പി ജി പി ആർ മിക്സ് -1 (PGPR MIX1 ), പി ജി പി ആർ മിക്സ് -2 (PGPR MIX2 ), വാം (Vesicular Arbuscular Mycorrhiza) എന്നിവ വിൽപ്പനയ്ക്ക് ലഭ്യമാണ് . താൽപ്പര്യമുള്ളവർ 8547675124 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. തെങ്ങ്/കവുങ്ങ് വിളകളിലെ വേരു തീനിപ്പുഴു, വാഴയിലെ തടതുരപ്പൻ, മാണ വണ്ട്, വെള്ളരി വർഗ്ഗ വിളകളിലെ മത്തൻ വണ്ട്, കശുമാവിലെ തടതുരപ്പൻ, തക്കാളിയിലെ കായ്തുരപ്പൻ എന്നീ കീടങ്ങൾക്കെതിരെ മിത്രനിമാവിര ലായനി ഫലപ്രദമാണ്. വിളകളുടെ പോഷകലഭ്യതയ്ക്ക് സഹായകരമാകുന്ന ഒരു സൂക്ഷ്മാണു കൂട്ടായ്മയാണ് പി ജി പി ആർ - മിക്സ്. വിളകൾക്ക് ആവശ്യമായ പ്രധാന മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവ ഒരുമിച്ച് ഒറ്റ പ്രയോഗത്തിൽ ലഭിക്കുന്നു. പി ജി പി ആർ മിക്സ് 1 ഉപയോഗിക്കുന്നതിലൂടെ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവ അടങ്ങിയ രാസവളങ്ങളുടെ ഉപയോഗം 25 ശതമാനം കുറയ്ക്കാൻ സാധിയ്ക്കും. വിളകളെ ബാധിക്കുന്ന കുമിൾ-ബാക്ടീരിയ രോഗങ്ങളെ

നിയന്ത്രിക്കുവാൻ കഴിവുള്ള മിത്ര ബാക്റ്റീരിയകൾ അടങ്ങിയ മിശ്രിതമാണ് പി ജി പി ആർ മിക്സ് 2. നെല്ലിൻറെ പോളരോഗം, ബാക്ടീരിയൽ ഇലകരിച്ചിൽ, ബ്ലാസ്റ്റ് രോഗം, കുരുമുളകിൻറെ ദ്രുതവാട്ടം, ഇഞ്ചിയുടെ അഴുകൽ രോഗം, വാഴയിലെ സിഗട്ടോക്ക, മാണ അഴുകൽ, പച്ചക്കറികളിലെ ഇലപ്പുള്ളി രോഗം, വഴുതന വർഗ്ഗ വിളകളിലെ ബാക്ടീരിയ വാട്ടം, തൈ ചീയൽ, വെള്ളരി- പയർ വർഗ്ഗവിളകളിലെ മൃദുരോമ പൂപ്പ് എന്നിവയ്ക്കെതിരെ ഫലപ്രദം. വിളകളുടെ വേരിൽ ആവരണം പോലെ വളരുന്ന ഫോസ്ഫറസ് ലായക സൂക്ഷ്മാണുക്കളാണ് വെസിക്കുലാർ അർബസ്ക്കുലാർ മൈക്കോറൈസ അഥവാ വാം (VAM). അലേയ രൂപത്തിലുള്ള ഫോസ്ഫറസിനെ ലേയരൂപത്തിലാക്കാൻ സഹായിക്കുന്ന സൂക്ഷ്മജീവികളാണിവ. ജലത്തിന്റെയും, ഫോസ്ഫറസ്, സിങ്ക്, ബോറോൺ മുതലായ പോഷകങ്ങളുടെയും ആഗിരണം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. വിളകളുടെ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുകയും വേരിലുണ്ടാകുന്ന അഴുകൽ രോഗങ്ങളിൽ നിന്നും സംരക്ഷണം നൽകുകയും ചെയ്യുന്നു.

3. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി പന്നിവേലിച്ചിറയിലുള്ള ഫിഷറീസ് കോംപ്ലക്സിൽ കാർപ്പ്, അനബാസ് ഇനം മത്സ്യകുഞ്ഞുങ്ങൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. ജൂലൈ 11 രാവിലെ പതിനൊന്ന് മുതൽ വൈകിട്ട് നാലു വരെ വിതരണം നടക്കും. മത്സ്യകുഞ്ഞുക്കൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ വില ഈടാക്കുന്നതാണ്. ബുക്കിങ്ങിനും കൂടുതൽ വിവരങ്ങൾക്കും ഫിഷറീസ് കോംപ്ലക്സുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ 9562670128,0468-2214589

4. വെള്ളനാട് മിത്രനികേതൻ കൃഷിവിജ്ഞാന കേന്ദ്രത്തിൽ വച്ച് കൂൺകൃഷി പരിശീലനം 2024 ജൂലൈ 12 ന് സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ 9446911451 എന്ന നമ്പറിൽ 2024 ജൂലൈ 11 ന് വൈകുന്നേരം 4 മണിക്ക് മുൻപ് വാട്സ്ആപ്പ് മുഖേനയോ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോണിൽ കൂടെയോ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 200 രൂപ. പങ്കെടുക്കുന്നവർക്ക് ഒരു കൂൺ വിത്ത് സൗജന്യമായി നൽകുന്നു.

5. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ഇന്നും നാളെയും (2024 ജൂലായ് 09, 10 തീയതികളിൽ) ക്ഷീരകർഷകർക്കായി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 9388834424/9446453247 എന്നീ ഫോൺ നമ്പരിലേക്ക് whatsapp ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക്എന്നിവയുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

6. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജൂലൈ 15 മുതൽ 20 വരെയുള്ള 5 പ്രവൃത്തി ദിവസങ്ങളിൽ ക്ഷീര കർഷകർക്കായി '**ശാസ്ത്രീയമായ പശു പരിപാലനം**' എന്ന പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2024 ജൂലൈ 12 -ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിന ബത്തയും ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്,പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം - 695004 എന്ന വിലാസത്തിലോ, 0471 - 2440911 എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

7. റബ്ബറിന് വളമിടുന്നതിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് ഓൺ ലൈൻ പരിശീലനം നടത്തുന്നു. 2024 ജൂലൈ 11-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺനമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇമെയിൽ training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം